(ബി) സോഫ്റ്റ്വെയർ കയറ്റുമതിയിലൂടെ സംസ്ഥാനത്തു നടപ്പു സാമ്പത്തിക വർഷം എത്ര വരുമാനം നേടാമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മേഖലയിൽനിന്ന് എത്ര കോടി രൂപ സംസ്ഥാനത്തിനു ലഭിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് തിരുവനന്തപുരത്തു സ്ഥാപിച്ചു. കെ.എസ്.ഐ.ഡി.സി., സിഡ്ബി, കെ.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ മുതൽമുടക്കോടെ 20 കോടി രൂപയുടെ വെഞ്ചർ ഫണ്ട് രൂപീകരിച്ചു. ടെക്നോപാർക്ക് കമ്പനികളുടെ സഹകരണത്തോടെ 'സ്കൂൾ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ടെക്നോപാർക്കിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിതമായ വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഏഴു സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ കൊച്ചി, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ പാർക്കുകൾ തുടങ്ങിക്കഴിഞ്ഞു. കൊല്ലം, കോട്ടയം, തിരുവല്ല പാർക്കുകളുടെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഫലമായി ഇരുപത്തിയൊന്നോളം വിദേശ കമ്പനികൾ ഇതുവരെ സംസ്ഥാനത്ത് മുതൽമുടക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ഥിര നിക്ഷേപത്തിന്റെ 20%, പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധന നിക്ഷേപ സബ്സിഡി, ക്യാപ്റ്റീവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50%, പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകുന്നു. നിലവിലുള്ള വ്യവസായങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും, വികസനത്തിനും, ആധുനികവൽക്കരണത്തിനും അതിനുവേണ്ട സ്ഥിര നിക്ഷേപത്തിന്റെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകുന്നു. ഇതിനുംപുറമെ വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതിനർഹമായ സബ്സിഡി നൽകുന്നു.

(ബി) നടപ്പു സാമ്പത്തിക വർഷം സോഫ്റ്റ്വെയർ ടെക്നോളജി പാർക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ കമ്പനികളിൽ നിന്ന് ഏകദേശം 75 കോടി രൂപയ്ക്കു മുകളിൽ വിദേശ നാണ്യം നേടാമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മേഖലയിൽനിന്ന് 46.81 കോടി രൂപയുടെ കയറ്റുമതി എസ്.ടി.പി. യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1998-99ൽ 57 കോടിരൂപയുടെ സോഫ്റ്റ്വെയർ കയറ്റുമതിയാണ് ടെക്നോപാർക്കിൽ നടന്നത്. നടപ്പുവർഷം (1999-2000) ഇത് 100 കോടിയോളം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

9 (583) പരമ്പരാഗത വ്യവസായങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ആഗോളവൽക്കരണം സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ ഏതുവിധം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആഗോളവൽക്കരണത്തോടൊപ്പം ആധുനികവൽക്കരണം നടത്തുവാൻ സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തെ സഹായിക്കുന്നതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്?

ഉത്തരം

(എ) കയർ, കൈത്തറി, ഈറ്റ പനമ്പ്, കരകൗശലം, കശുവണ്ടി എന്നീ വ്യവസായങ്ങളെയാണ് പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉത്തരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) ചോദ്യം (ബി)ക്കുള്ള ഉത്തരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

(ഡി) കയർ : 125 യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും 58 ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്നതിനുള്ള തുക പദ്ധതി നടത്തിപ്പിൽ ചുമതലയുള്ള കയർഫെഡിനു നൽകിക്കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പിലുണ്ടാകാവുന്ന അധിക ചെലവു വഹിക്കുന്നതിനായി നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൈത്തറി : ഏകദേശം .8 കോടി രൂപ (4 കോടി ഗ്രാന്റ്+ 4 കോടി വായ്പ) ഇനത്തിൽ ആധുനികവൽകരണത്തിനായി 99-2000 സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കപ്പെടുന്നതാണ്.

ഈറ്റ-പനമ്പു വ്യവസായം : കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രത്യേക തുക നീക്കിവച്ചിട്ടില്ല.

കശുവണ്ടി : വ്യവസായ രംഗത്ത് 'കാപ്പക്സി'നായി 50 ലക്ഷം രൂപയും കശുവണ്ടി വികസന കോർപ്പറേഷന് 5 കോടിരൂപയും. കരകൗശല വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

10 (584) കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly